Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

വടക്കഞ്ചേരി പദ്ധതിക്കായി 69.54 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യ പാക്കേജിൽ വടക്കഞ്ചേരി കരിങ്കുന്നത്ത് 22 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണി, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവയുടെ പ്രവൃത്തി 45% പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം പാക്കേജിന്റെ പാർട്ട് 1-ൽ കരിങ്കുന്നത്തുള്ള ജലസംഭരണിയിൽ നിന്നും വടക്കഞ്ചേരി പഞ്ചായത്തിൽ 45 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കലും 6480 ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയും നിലവിൽ 33% പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം പാക്കേജിന്റെ പാർട്ട് 2-ൽ ആലത്തൂർ താലൂക്കിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ ലോ ലെവൽ സോണിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. രണ്ടാം പാക്കേജിന്റെ പാർട്ട് 2, പാക്കേജ് 3 എന്നിവയിലെ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതിയുടെ മൂന്നാം ഘട്ടമായി ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വണ്ടാഴി, കിഴക്കഞ്ചേരി പഞ്ചായത്തുകളിലെ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും 10055 ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനുമായി 21-12-2020-ൽ 53.6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഴക്കഞ്ചേരി പഞ്ചായത്തിലേക്ക് വിതരണ ശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയുടെയും വണ്ടാഴി പഞ്ചായത്തിലേക്ക് വിതരണശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയുടെയും ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി വണ്ടാഴി, കിഴക്കഞ്ചേരി, വടക്കഞ്ചേരി, കണ്ണമ്പ്ര എന്നീ പഞ്ചായത്തുകളിലെ ഉയരംകൂടിയ പ്രദേശങ്ങളിൽ ടാങ്കുകളും വിതരണ ശൃംഖലകളും ഉൾപ്പെടെ 8712 ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തികൾക്കായി 103.16 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

ആക്കുളം കായൽ പുനരുദ്ധാരണ പദ്ധതി

288(1034) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം കായൽ പുനരുദ്ധാരണ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

ആക്കുളം കായൽ സംരക്ഷണ പദ്ധതിയിലൂടെ ആക്കുളം കായൽ പുനരുജ്ജീവന പദ്ധതിക്കായി 185.23 കോടി രൂപയുടെ ഭരണാനുമതിക്ക് തത്വത്തിൽ അംഗീകാരം നൽകുകയും ആയതിൻ പ്രകാരം ഒന്നാംഘട്ടമായി 64.13 കോടി രൂപ കിഫ്ബി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനമായ WAPCOS-നെയാണ് SPV-യായി ചുമതലപ്പെടുത്തിയിട്ടുള്ളത്. ആക്കുളം കായലും അനുബന്ധ

LIBRARY ARCHIVES Kerala Legislative Assembly

തോട്ടകളും ശുദ്ധീകരിച്ച് ടൂറിസം പ്രവർത്തനങ്ങൾക്ക് ഉതകത്തക്ക രീതിയിലുള്ള സുസ്ഥിരവും പരിസ്ഥിതി സൗഹാർദ്ദവുമായ വികസനമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. DBOT മാതൃകയിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി ടെണ്ടർ ചെയ്യുകയും 3 ഏജൻസികൾ ടെൻഡറിൽ പങ്കെടുക്കുകയുണ്ടായി. അതിൽനിന്ന് ശ്രീ.അവാന്തികാ കോൺട്രാക്ടേഴ്സ് (ഐ) ലിമിറ്റഡ് ഹൈദരാബാദ് എന്ന ഏജൻസി ക്വാളിഫൈ ചെയ്തു. എന്നാൽ കിഫ്ബി അംഗീകരിച്ച തുകയിൽ കൂടുതലാണ് ഫിനാൻഷ്യൽ ബിഡിൽ ക്വാളിഫൈ ചെയ്ത ഏജൻസി ക്വാട്ട് ചെയ്തിരിക്കുന്നത് (185.70 കോടി രൂപ). തുടർന്ന് 22-7-2021-ൽ ടി ഏജൻസിയുമായി റേറ്റ് നെഗോസിയേഷൻ നടത്തുകയുണ്ടായി. അതിന്റെ ഭാഗമായി ഏജൻസി റിവൈസ്ഡ് റേറ്റ് ക്വാട്ട് ചെയ്തു (183.46 കോടി രൂപ) കിഫ്ബിക്ക് സമർപ്പിക്കുകയുണ്ടായി. ഇതിനെ തുടർന്ന് കിഫ്ബി 14-9-2021-ൽ റിവൈസ്ഡ് റേറ്റ് റിവ്യൂ ചെയ്യുകയും കിഫ്ബി അംഗീകരിച്ച് നൽകിയതിൽനിന്നും കൂടുതൽ തുക എന്തുകൊണ്ട് ക്വാട്ട് ചെയ്തതിനുള്ള കാരണം കാണിച്ച് Justification Report സമർപ്പിക്കാൻ SPV-യായ WAPCOS നോട് ആവശ്യപ്പെട്ടിട്ടുണ്ട്. കിഫ്ബി അംഗീകാരം നൽകുന്ന മുറയ്ക്ക് കരാറുകാരനെ ഫൈനലൈസ് ചെയ്യാവുന്നതാണ്.

(ബി) കണ്ണമ്മൂല-ആക്കുളം ഭാഗങ്ങളിലെ ആമയിഴഞ്ചാൻ തോടിന്റെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ആമയിഴഞ്ചാൻ തോടിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനുവേണ്ടി റവന്യൂ ഡിപ്പാർട്ട്മെന്റുമായി ചേർന്ന് നടപടികൾ സ്വീകരിച്ചിരുന്നു. ആയതിന്റെ ഭാഗമായി കണ്ണമ്മൂല മുതൽ നെല്ലിക്കുഴി പാലത്തിന് താഴെ ഏകദേശം 500 മീ. ദൂരം വരെ അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. തുടർന്ന്, താഴോട്ട് കടകംപള്ളി വില്ലേജ് ആമയിഴഞ്ചാൻ തോടിന്റെ ഭാഗങ്ങളുടെ അതിർത്തി നിർണ്ണയിച്ച് നൽകാൻ സർവ്വേ ഡിപ്പാർട്ട്മെന്റിന് രേഖകളുടെ അഭാവംമൂലം സാധിച്ചിട്ടില്ല.

(സി) തിരുവനന്തപുരത്തിന്റെ തനത് ജലസ്രോതസ്സായ ആമയിഴഞ്ചാൻതോട് സംരക്ഷിക്കുന്നതിന് പ്രത്യേക നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

നിലവിൽ ആമയിഴഞ്ചാൻ തോടിന്റെ (കണ്ണമ്മൂല മുതൽ ആക്കുളം വരെ) പുനരുദ്ധാരണത്തിന്റെ ഭാഗമായി 25 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. ഇവയിൽ ഉൾപ്പെടുത്തി ആമയിഴഞ്ചാൻ തോടിന്റെ സൈഡ് ബണ്ടിലൂടെ സ്വീവേജ് ലൈൻ സ്ഥാപിക്കുന്നതിനും തോട്ടിലെ അടിഞ്ഞുകൂടിയ മണ്ണ് നീക്കുന്നതിനും കണ്ണമ്മൂല മുതൽ നെല്ലിക്കുഴി വരെയുള്ള സൈഡ് ഭിത്തിയുടെ പുനർനിർമ്മാണത്തിനും വേണ്ടിയുള്ള 18.13 കോടി രൂപയുടെ പ്രവൃത്തി ടെണ്ടർ ചെയ്യുകയും ഉണ്ടായി. Cheerans Structural Foundation എന്ന കമ്പനിയുമായി എഗ്രിമെന്റ് വയ്ക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 17-8-2021-ൽ പ്രവൃത്തിയുടെ സ്ഥലം കോൺട്രാക്ടർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. മണ്ണ് മാറ്റുന്നതിനു മുന്നോടിയായി മണ്ണിന്റെ അളവ് (quantity) അറിയുന്നതിനുവേണ്ടി ലെവൽസ് (levels) എടുക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.